മിസ്റ്റർ പി. എ. മുഹമ്മദ് അഷ്റഫ്: ഗവൺമെണ്ടിനു കിട്ടിയിട്ടില്ലെന്നുപറഞ്ഞു. ചീഫ് എഞ്ചിനീയക്കു കിട്ടിയിട്ടില്ലേ?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: കിട്ടീട്ടുണ്ടായിരിക്കാം.

മിസ്റ്റർ പി. നാരായണമേനോൻ: ചീഫ് എഞ്ചിനീയക്ക് ആക്ഷേപം കിട്ടിയാൽ അതു മന്ത്രിക്ക് അയക്കുകയില്ലേ?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: ചീഫ് എഞ്ചിനീയക്ക് നേരിട്ടയക്കുന്ന ആക്ഷേപങ്ങൾ ചീഫ് എഞ്ചിനീയർ മന്ത്രിക്കയക്കേണ്ട ആവശ്യമില്ല. അതു ചീഫ് എഞ്ചിനീയർ ഡിസ്പോസ് ചെയ്യേണ്ടകാര്യമാണ്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ആക്ഷേപം ചീഫ് എഞ്ചിനീയക്കുകിട്ടിയാൽ എക്സിക്യൂട്ടീവ് എഞ്ചിനീയക്ക് അയക്കുകയല്ലെ പതിവു്?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: എക്സിക്യൂട്ടീവ് എഞ്ചിനീയക്ക് അയക്കേണ്ടതാണെങ്കിൽ അയക്കും. റോഡുബോർഡിന്റെകാര്യത്തിൽ ഇതാവശ്യമില്ല.

ERROR IN THE ELECTORAL ROLLS—GENERAL ELECTION 1120

243. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവൺമെണ്ട് സദയം മറുപടി പറയുമോ:—

(എ) കഴിഞ്ഞ നിയമസഭാതിരഞ്ഞെടുപ്പിനു വോട്ടർമാരുടെ ലിസ്റ്റ് തയ്യാറാക്കിയ കാലത്തു മുകുന്ദപുരം താസിൽദാർ ആരായിരുന്നു;

(ബി) ആ ലിസ്റ്റകം പബ്ലിഷ്ചെയ്യുവാൻ പ്രസ്സിലേക്കു അയച്ച കാലത്തു മുകുന്ദപുരം താസിൽദാർ ആരായിരുന്നു;

(സി) സാമാന്യ നിയോജകമണ്ഡലങ്ങളിലെ വോട്ടേഴ്സ് ലിസ്റ്റിൽ ഇഴവ വോട്ടർമാരുടെ പേരുകൾ ഉൾപ്പെട്ടിരുന്നതിനു മുകുന്ദപുരം താസിൽദാരോടു് സമാധാനം ചോദിച്ചിട്ടില്ലെ;

(ഡി) അന്നു താസിൽദാർ ആരായിരുന്നു;

(ഇ) എന്താണ് സമാധാനം പറഞ്ഞതു്; അതിന്റെ ഒരു കോപ്പി ഒരോ കൌൺസിലറുടേയും മേശപ്പുറത്തു വെക്കാമോ;

(എഫ്) ഇതിനെ സംബന്ധിച്ചു് ലിസ്റ്റകം പബ്ലിഷ് ചെയ്യുവാൻ അയച്ച കാലത്തുണ്ടായിരുന്ന താസിൽദാരുടെ സമാധാനം വാങ്ങീട്ടുണ്ടോ; ഉണ്ടെങ്കിൽ ആ സമാധാനം എന്തായിരുന്നു;

(ജി) ഈ കാര്യത്തിൽ ഏതെങ്കിലും താസിൽദാക്ക് വല്ല ശിക്ഷയും ഉണ്ടായിട്ടുണ്ടോ;

(എച്ച്) ഉണ്ടെങ്കിൽ അദ്ദേഹത്തിന്റെ പേർ എന്തു്; ശിക്ഷ എന്തു്;

(ഐ) അന്നത്തെ ദിവാൻപേഷ്കാർ ആരായിരുന്നു?

റാവുസാഹിബ്ബ് പി. വി. രാഘേൽ:

(എ) & (ബി) (i) ശ്രീ. കെ. ആർ. വിശ്വംഭരൻ.

(ii) ശ്രീ. എം. വി. സംഗമേശ്വരയ്യർ. റിവൈസിങ്ങ് അതോറിറ്റിയുടെ തീർപ്പുപ്രകാരം മാറ്റം വരുത്തുവാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ശ്രീ. സംഗമേശ്വരയ്യരായിരുന്നു.

(സി) ഉവ്വ്.

(ഡി) ശ്രീ. എം. വി. സംഗമേശ്വരയ്യർ.

(ഇ) സമാധാനത്തിന്റെ പകർപ്പ് മേശപ്പുറത്തു വച്ചിട്ടുണ്ടു്.

(എഫ്) ഉവ്വ്. സമാധാനത്തിന്റെ പകർപ്പ് മേശപ്പുറത്തു വച്ചിട്ടുണ്ടു്.

(ജി) ഉവ്വ്.

(എച്ച്) ശ്രീ. എം. വി. സംഗമേശ്വരയ്യർ. ഇ.കെ. പിഴ.

(ഐ) ശ്രീ. ആർ. ജി. കൃഷ്ണയ്യർ. പെഴ്സണൽ അസിസ്റ്റാണ്ടു് ദിവാൻപേഷ്കാർ-ഇൻ-ചാർജ്ജു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: കറാചെയ്തതു് മിസ്റ്റർ സംഗമേശ്വരയ്യരാണെന്നുള്ള ആക്ഷേപം വന്നതുകൊണ്ടല്ലേ അദ്ദേഹത്തെ ശിക്ഷിച്ചതു്?

റാവുസാഹിബ്ബ് പി. വി. രാഘേൽ: അതെ.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അദ്ദേഹത്തിന്റെ കുറ്റം, അവിടെ തഹസിൽദാർ മാരായിരുന്ന മിസ്റ്റർ വിശ്വംഭരന്റേയും, സുബ്രഹ്മണ്യമേനോന്റേയും തലയിൽ ചുമത്താൻ റിപ്പോർട്ട്ചെയ്തിരുന്നില്ലേ?

റാവുസാഹിബ് പി. വി. റാഫേൽ: കുറ്റം തലയിൽ ചുമത്താനല്ല. അവരുടെ സിഗ്നേച്ചറോട്കൂടിയാണ് പബ്ലീഷ്ചെയ്യാൻ പ്രസ്സിലേക്കയച്ചിരുന്നായ്. അതുകൊണ്ട് അവക്കുകൂടി ചുമതലയുണ്ടെന്നു റിപ്പോർട്ട്ചെയ്തതു ശരിയാണ്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: സംഗമേശ്വരയ്യർമാത്രമാണ് ആ കുറ്റത്തിനുത്തരവാദിയെന്നുബോദ്ധ്യമായില്ലേ?

റാവുസാഹിബ് പി. വി. റാഫേൽ: കുറ്റംചെയ്തു എന്നുകണ്ടതുകൊണ്ടാണ് ഈ ശുപ പിഴയിട്ടതു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അദ്ദേഹംചെയ്തകുറ്റം മറ്റുള്ളവരുടെ തലയിൽവെച്ചുകെട്ടാൻ പച്ചക്കള്ളം പറഞ്ഞു എന്നു ഗവൺമെണ്ടിനു് ബോദ്ധ്യമായില്ലേ?

റാവുസാഹിബ് പി. വി. റാഫേൽ. ബോദ്ധ്യമായിട്ടില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അങ്ങിനെ ബോദ്ധ്യംവന്നിട്ടില്ലെങ്കിൽ പിന്നെ സുബ്രഹ്മണ്യമേനവന്റെ പേരിലുള്ള ചാർജ്ജ് എവിടെപോയി?

റാവു സാഹിബ് പി. വി റാഫേൽ: ശിക്ഷിക്കത്തക്കവണ്ണം കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ ശിക്ഷിക്കാതിരിക്കുകയില്ല. അദ്ദേഹത്തിന്റെ സിഗ്നേച്ചറിൽ റിപ്പോർട്ട്ചെയ്ത വിവരം അദ്ദേഹത്തെ അറിയിച്ചപ്പോൾ ആ തെറ്റ് അദ്ദേഹം സമ്മതിച്ചു.

മിസ്റ്റർ പി. കെ. ഡീവർ: മിസ്റ്റർ സുബ്രഹ്മണ്യമേനോൻ ഏതെങ്കിലും വിധത്തിൽ ഉത്തരവാദിയാണെന്നു തെളിഞ്ഞിട്ടുണ്ടോ?

റാവു സാഹിബ് പി. വി. റാഫേൽ: അദ്ദേഹത്തിന്റെ കാലത്താണ് പ്രിപ്പയർ ചെയ്തതു.

മിസ്റ്റർ പി. കെ. ഡീവർ: അതു് അടിച്ചു പ്രസിദ്ധപ്പെടുത്താൻ അദ്ദേഹമാണ് ഒപ്പുവെച്ചിട്ടുള്ളതു് എങ്കിലും അതു് കറക്റ്റ് ചെയ്തതു് അദ്ദേഹമല്ല എന്നു തെളിഞ്ഞിട്ടില്ലേ?

റാവു സാഹിബ് പി. വി. റാഫേൽ: ഒറിജിനൽ ലിസ്റ്റ് അദ്ദേഹമാണ് പ്രിപ്പയർ ചെയ്തതു്. റിവൈസിംഗ് അതോറിറ്റിയുടെ റിപ്പോർട്ട് വന്നപ്പോഴാണ് അദ്ദേഹം ഇല്ലാതെയിരുന്നിട്ടുള്ളതു്?

മിസ്റ്റർ പി. കെ. ഡീവർ: ഒറിജിനൽ ലീസ്റ്റ് അയച്ചതു് മിസ്റ്റർ വിശ്വംഭരനൊ, മിസ്റ്റർ സുബ്രഹ്മണ്യമേനോനൊ?

റാവു സാഹിബ് പി. വി. റാഫേൽ: രണ്ടുപേരുംകൂടിയാണ്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഒറിജിനൽ ലീസ്റ്റിനല്ലല്ലൊ പ്രാധാന്യം. റിവൈസ്ഡ് ലീസ്റ്റിലല്ലെ തെറ്റുവരാതെ നോക്കേണ്ടതു്. ആ റിവൈസ്ഡ് ലിസ്റ്റിൽ തെറ്റു വരുത്തിയതിനു സംഗമേശ്വരയ്യരല്ലെ കാരണക്കാരൻ?

റാവു സാഹിബ് പി. വി. റാഫേൽ: റിവൈസ്ഡ് ലിസ്റ്റിനാണു പ്രാധാന്യമെങ്കിലും ഒറിജിനൽ ലിസ്റ്റാണ് വളരെ ഉത്തരവാദിത്തോടുകൂടി തയ്യാറാക്കേണ്ടതു്. റിവൈസ്ഡ് ലീസ്റ്റിൽ വളരെ ചുരുങ്ങിയ മാറ്റങ്ങളെ വരികയുള്ളു.

മിസ്റ്റർ കെ. എ. രാഘവൻ: ഈ ചോദ്യങ്ങളിൽനിന്നു ബഹുമാനപ്പെട്ട മെമ്പർക്ക് മിസ്റ്റർ സംഗമേശ്വരയ്യരോട് എന്തൊ വ്യക്തിവിദ്വേഷമുണ്ടെന്നു ബോദ്ധ്യമാകുന്നില്ലെ?

റാവു സാഹിബ് പി. വി. റാഫേൽ: അങ്ങിനെ ബോദ്ധ്യമാകുന്നില്ല. പക്ഷെ പത്തു ചക്കിട്ടും മോരിലെ പുളി പോകുന്നില്ലല്ലൊ എന്നൊരു സംശയം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: സംഗമേശ്വരയ്യരുടെ പലവിധത്തിലുള്ള പ്രവൃത്തികളും ഇനി അഴിമതികളും നടത്തിവരുന്നുണ്ടെന്നു തെളിയുന്നില്ലേ?

Rao Sahib P. V. Raphael *(Chief Secretary to Government):* He puts a question about all sorts of irregularities that have been done by the person.

Mr. President: That is not in order.

Mr. A. Eachara Menon *(Chittur-Tattamagalam):* Has the returning officer anything to do after the revision by the revising authority esccept changes made by the authority ?

LIBRARY ARCHIVES Kerala Legislative Assembly

Rao Sahb P. V. Raphael *(Chief Secretary to Government):* Yes.

മിസ്റ്റർ പി. കെ. ഡീവർ: പശു ചത്തിട്ടും മോരിലെ പുളി പോയില്ലെന്നു പറഞ്ഞുവല്ലൊ. സംഗമേശപരയ്യരെ ജോലിയിൽനിന്നു പിരിച്ചയച്ചുവെന്നാണൊ അതിന്റെ അർത്ഥം?

റാവു സാഹിബ്ബ് പി. വി. റാഫേൽ: എന്നല്ല. കുറ്റം ചെയ്തുവെന്നു ബോദ്ധ്യംവന്നപ്പോൾ പിഴയിട്ടു. താക്കീതു കൊടുത്തു. അങ്ങിനെ കുറ്റംചെയ്തതിനു ശിക്ഷിച്ചിട്ടും പിന്നെയും അതിനെക്കുറിച്ചു ചോദിക്കുന്നുവല്ലൊ എന്നതുകൊണ്ടാണ് പശു ചത്തിട്ടും മോരിലെ പുളി പോകുന്നില്ലല്ലൊ എന്നു പറയാൻ കാരണം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അതിനെ സംബന്ധിച്ചു ആക്ഷേപം ഇപ്പോഴും അദ്ദേഹത്തിന്റെ മേൽ നിലനില്ക്കുന്നില്ലേ?

റാവു സാഹിബ്ബ് പി. വി. റാഫേൽ: ഈ ഒരു ശിക്ഷ പിഴയിട്ടപ്പോൾ ആ ആക്ഷേപവും തീർന്നു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അദ്ദേഹത്തിന്റെ പ്രവർത്തിദോഷം സംബന്ധിച്ചു ഫയൽ ഇപ്പോഴും നിലവിലില്ലെ?

റാവു സാഹിബ്ബ് പി. വി. റാഫേൽ: ഫയലുണ്ടാകുമെങ്കിലും ആ കുറ്റം ഇപ്പോഴും നിലവിലുണ്ടെന്നു പറയാൻ പാടില്ല.

ചൌധരി ജി. എസ്സ്. ധാരാസിംഗ്: ഒറിജിനൽ ലിസ്റ്റ് തയ്യാറാക്കുമ്പോഴുണ്ടാകുന്ന തെറ്റുകൾക്ക ആ ഉദ്യോഗസ്ഥൻ കുറ്റക്കാരനല്ലേ?

റാവു സാഹിബ്ബ് പി. വി. റാഫേൽ: അതെ.

ചൌധരി ജി. എസ്സ്. ധാരാസിംഗ്: അങ്ങിയെയാണെങ്കിൽ ഒറിജിനൽ ലിസ്റ്റ് തയ്യാറാക്കിയതു മിസ്റ്റർ വിശ്വംഭരനാണെന്നു പറഞ്ഞുവല്ലൊ, ആ വിശ്വംഭരനെ ശിക്ഷിക്കേണ്ടതല്ലെ?

റാവു സാഹിബ്ബ് പി. വി. റാഫേൽ: ശിക്ഷിക്കത്തക്ക വിധത്തിലുള്ള കുറ്റം ഒറിജനൽ ലിസ്റ്റിലില്ല. റിവൈസിഡ് ലിസ്റ്റാണ് തെറ്റുവരാതെ കാര്യമായി നോക്കേണ്ടതു. തെറ്റുചെയ്താൽ ശിക്ഷിക്കത്തക്കതാണെങ്കിൽ ഒരായാലും ശിക്ഷിക്കാതെയിരിക്കയില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: മിസ്റ്റർ സുബ്രഹ്മണ്യമേനോൻ തന്നിട്ടുള്ള സമാധാനത്തിൽ. "I request to call for all the papers from the Diwan Peishkar's Office including the office copies of the lists of additions, removal and correction to fix the responsibility for the mistake". എന്നെഴുതിയിട്ടുണ്ടല്ലൊ; അതു ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ലെ?

റാവു സാഹിബ്ബ് പി. വി. റാഫേൽ: അതു ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെടുകയും അതുപ്രകാരം കുറ്റക്കാരനാണെന്നു കണ്ടതുകൊണ്ടു ഈ ശിക്ഷ പിഴയിട്ടുകയും ചെയ്തു.

മിസ്റ്റർ പി കെ. ഡീവർ: ഒറിജിനൽ ലീസ്റ്റ് തയ്യാറാക്കുമ്പോൾ എവിടെയെങ്കിലും തെറ്റില്ലാത്ത ലിസ്റ്റുണ്ടാക്കിയതായി അറിയാമൊ?

റാവു സാഹിബ്ബ് പി. വി. റാഫേൽ: ഇല്ല.

മിസ്റ്റർ പി. കെ. ഡീവർ: ഇതിൽ എത്ര ആളുടെ തെറ്റുണ്ടു?

റാവു സാഹിബ്ബ് പി. വി. റാഫേൽ: രണ്ടാളുടെ.

മിസ്റ്റർ പി. കെ. ഡീവർ: അപ്പോൾ ഈ ലിസ്റ്റ് ഒരു വിധം നല്ലതാണെന്നു ബോദ്ധ്യമില്ലെ?

റാവു സാഹിബ്ബ് പി. വി. റാഫേൽ: നല്ലതുതന്നെ ആണെന്നാണുബോദ്ധ്യം.

COPYISTS—VADAKKANCHERI MUNSIFF'S COURT

244. Mr. P. Kumaran Ezhuthassan *(Vadakkancheri):* Will Government be pleased to state,—

(*a*) whether the full complement of copyists allowed to Vadakkancheri Munsiff's Court had been working in all the months of 1121;

(*b*) what is the pendency of copying papers non-written at the end of every month in 1121 and Chingam, Kanni and Thulam 1122;

(*c*) is handwriting test insisted upon for a copyist's appointment?

LIBRARY ARCHIVES Kerala Legislative Assembly